GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.51/2026 14.06.2026

# ഞാറ്റുവേല - ആകാശവാണിയിൽ പുതിയ റേഡിയോ പ്രക്ഷേപണ പരമ്പരയ്ക്ക് തുടക്കം

തിരുവനന്തപുരം: കൃഷി വകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ ആകാശവാണി എഫ്.എം. റേഡിയോ നിലയങ്ങളിലൂടെ പ്രക്ഷേപണം ചെയ്ത് വരുന്ന ജനപ്രിയ കാർഷിക പരിപാടിയായ "**ഞാറ്റുവേല**" യിൽ പുതിയ പ്രക്ഷേപണ പരമ്പരയ്ക്ക് ഇന്ന് (2026 ജൂൺ 15) മുതൽ തുടക്കമാകും. "**ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം**" എന്ന പേരിൽ ആരംഭിക്കുന്ന ഈ പരമ്പര സമഗ്ര പച്ചക്കറി-പുഷ്പ ഉത്പാദന യജ്ഞത്തിന്റെ ഭാഗമായാണ് നടപ്പാക്കുന്നത്.

ഓണക്കാല പച്ചക്കറി, പുഷ്പ കൃഷിയുമായി ബന്ധപ്പെട്ട് ഭൂമിയൊരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള വിവിധ ഘട്ടങ്ങളിൽ കർഷകർ അറിഞ്ഞിരിക്കേണ്ട ശാസ്ത്രീയ കൃഷിരീതികൾ, മികച്ച പരിപാലന മാർഗങ്ങൾ, വിദഗ്ധ നിർദേശങ്ങൾ എന്നിവ പരമ്പരയിലൂടെ പങ്കുവെയ്ക്കും. **ബഹു. കൃഷിവകുപ്പ് മന്ത്രി ടി. സിദ്ദിഖ് ഉദ്ഘാടന സന്ദേശം നൽകി പരമ്പരയ്ക്ക് തുടക്കം കുറിക്കും.** ജൂൺ 15 തിങ്കളാഴ്ച വൈകിട്ട് 5.45 മുതൽ 6.00 വരെ ആകാശവാണിയുടെ എല്ലാ എഫ്.എം. സ്റ്റേഷനുകളിലും ഉദ്ഘാടന പരിപാടി പ്രക്ഷേപണം ചെയ്യും.

കാർഷിക മേഖലയിലെ പുതിയ അറിവുകളും മികച്ച കൃഷിരീതികളും കർഷകരിലേക്ക് എത്തിക്കുന്ന ഈ പ്രക്ഷേപണ പരമ്പര പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഫാം ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**